# ICON EXCELLENCE AWARD (IEA) 2025

## *അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ*

1. സാമ്പത്തിക പ്രയാസം അനുഭവിക്കുന്നവരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥികൾക്ക് ആണ് സ്കോളർഷിപ്പ് നൽകുന്നത്. (Plus 1, Plus 2 തലത്തിൽ പഠിക്കുന്നവർ മുമ്പ് നടന്ന പരീക്ഷയിൽ 80% മാർക്കും, ഡിപ്ലോമ / ഡിഗ്രി തലത്തിലുള്ളവർക്ക് തൊട്ട് മുമ്പ് നടന്ന സെമസ്റ്റർ/ വാർഷികപരീക്ഷയിൽ 70% മാർക്കും ഉണ്ടായിരിക്കണം. ഡിഗ്രിക്ക് പുതിയ അഡ്മിഷൻ എടുത്ത കുട്ടികൾക്ക് Plus 2 - ൽ കുറഞ്ഞത് 80% മാർക്ക് ഉണ്ടായിരിക്കണം) **പി.ജി. തലത്തിലുള്ളവർ അപേക്ഷിക്കേണ്ടതില്ല.** ഒരു വീട്ടിൽ നിന്ന് ഒരു കുട്ടി മാത്രമേ അപേക്ഷ സമർപ്പിക്കാവൂ.

2. ആപ്ലിക്കേഷൻ ഫോമിലെ എല്ലാ കോളവും പൂർണ്ണമായി പൂരിപ്പിച്ചിരിക്കണം. പൂരിപ്പിക്കുമ്പോൾ കഴിവതും Capital letters ഉപയോഗിക്കുക. വെട്ടിത്തിരുത്തുകൾ കൂടാതെ വ്യക്തമായും വായിക്കാവുന്ന രീതിയിൽ ഓരോ കോളവും പൂരിപ്പിക്കേണ്ടതാണ്.

3. പാസ്പോർട്ട് സൈസ് ഫോട്ടോ നിർദ്ദിഷ്ട സ്ഥാനത്ത് പതിച്ചിരിക്കണം.

4. CGPA / SGPA / ഗ്രേഡ് എന്നീ രീതിയിൽ മാർക്ക് ലഭിച്ചിട്ടുള്ളവർ അതിനെ ശതമാനക്കണക്കിലാക്കി വേണം എഴുതുവാൻ. (ഉദാ : 85%) അത് കൃത്യവും സത്യസന്ധവുമായിരിക്കണം. അല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.

5. കുറഞ്ഞ വരുമാനമുള്ളവർ, ഭൂരഹിതർ, ഭവനരഹിതർ, വെള്ളപ്പൊക്ക കെടുതിയിൽ ഉൾപ്പെട്ടവർ, മാതാവോ പിതാവോ മരണപ്പെട്ടവർ തുടങ്ങിയ കുടുംബങ്ങളിലെ കുട്ടികൾക്ക് മുൻഗണന. (ഇക്കാര്യങ്ങൾ വ്യക്തമാക്കുന്ന രേഖകൾ ഉൾപ്പെടുത്തണം)

6. അഡ്രസ്സ്, ഫോൺ നമ്പർ ഇവ വ്യക്തമായി എഴുതിയിരിക്കണം. (സാധിക്കുമെങ്കിൽ രണ്ട് ഫോൺ നമ്പരുകൾ ഉൾപ്പെടുത്തണം വിളിച്ചാൽ ലഭിക്കുന്ന ഫോൺ നമ്പറേ എഴുതാവൂ)

7. കുട്ടിയുടെ അച്ഛനോ അമ്മയോ മരണപ്പെട്ടിട്ടുള്ളതാണെങ്കിൽ 11 (a), 12 (a) കോളങ്ങളിൽ അത് വ്യക്തമായി കാണിക്കണം.

8. ആപ്ലിക്കേഷൻ ഫോമും അനുബന്ധരേഖകളും വളരെ വ്യക്തമായി സ്കാൻ ചെയ്ത് 2 MB യിൽ കവിയാതെ **Single Pdf ൽ "Student name_ adhar no" (eg. "Reshma Mathew_678954329865")** എന്ന ഫയൽ നെയിമോടുകൂടി **iea@iconcharities.org** എന്ന ഇമെയിൽ അഡ്രസ്സിൽ അയയ്ക്കേണ്ടതാണ്. E-mail മുഖേന അയയ്ക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. (Hard copy തല്ക്കാലം കൈവശം വച്ചാൽ മതിയാവും)

### *9. സമർപ്പിക്കേണ്ട രേഖകൾ*

a. **ഏറ്റവും ഒടുവിൽ എഴുതിയ രണ്ടു പരീക്ഷകളുടെ മാർക്ക്‌ലിസ്റ്റ് കോപ്പി** (ഏറ്റവും ഒടുവിൽ എഴുതിയ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് കിട്ടിയിട്ടില്ല എങ്കിൽ അക്കാര്യം കുട്ടി എഴുതുന്ന Self Appraisal- ൽ പ്രത്യേകം എടുത്തു പറയുകയും, അതിനു മുമ്പ് പാസ്സായ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് അനുബന്ധമായി വയ്ക്കുകയും വേണം.)

c. 2025 – 26 അദ്ധ്യയന വർഷത്തെ Bonafide certificate / Admission proof / Course certificate ഇവയിൽ ഏതെങ്കിലും ഒന്ന് (**for Diploma/Degree Students)**

d. ഇതോടൊപ്പം തന്നിരിക്കുന്ന format – ൽ പൂർത്തിയാക്കിയ Self Appraisal.

e. കുട്ടിയുടെ ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാം പേജ് കോപ്പി.

10. പൂരിപ്പിച്ച ആപ്ലിക്കേഷനും ആവശ്യമായിരിക്കുന്ന രേഖകളും ചേർത്ത് **E-mail** ആയി **iea@iconcharities.org** എന്ന **mail address** ലേയ്ക്ക് **2025 സെപ്റ്റംബർ 10** നു മുമ്പായി ലഭിക്കത്തക്കവണ്ണം **Single Pdf format** – ൽ അയയ്ക്കേണ്ടതാണ്.
11. ആപ്ലിക്കേഷനും മാർഗ്ഗനിർദ്ദേശങ്ങളും Self Appraisal format-ഉം **https://iconcharities.in** എന്ന Web Page - ൽ നിന്നും download ചെയ്യാവുന്നതാണ്.

12. **Application Processing** സംബന്ധിച്ച് എന്തെങ്കിലും സംശയം ഉണ്ട് എങ്കിൽ താഴെ കാണുന്ന ഇമെയിൽ ഐഡിയിൽ ബന്ധപ്പെടാവുന്നതാണ്.

**Help desk E-mail :- iea@iconcharities.org**

**Pampady**
**15th Aug 2025**